വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ റെയ്ഡുകൾ

53 [3104] ശ്രീ. കെ. ബാബു:
„ ലൂഡി ലൂയീസ്:
„ ജോർജ് ജെ. മാത്യു:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എത്ര റെയ്ഡുകൾ നടത്തി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര റെയ്ഡുകളിൽ വിജിലൻസിന് അഴിമതി സംബന്ധിച്ച കാര്യമായ തെളിവുകൾ കിട്ടാതിരുന്നു;

(സി) വിജിലൻസിന്റെ റെയ്ഡിനെപ്പറ്റിയുള്ള വിവരം കാലേകൂട്ടി ബന്ധപ്പെട്ടവർക്ക് കിട്ടുന്നതുകൊണ്ടാണോ ഇപ്രകാരം തെളിവുകൾ കിട്ടാതിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റെയ്ഡ് നടത്തിയിട്ടും ഏതെല്ലാം സംഗതികളിലാണ് തെളിവു കിട്ടാതിരുന്നതെന്ന് പറയുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഈ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി മൂന്ന് റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) എല്ലാ റെയ്ഡുകളിലും അഴിമതി സംബന്ധിച്ചുള്ള തെളിവുകൾ ലഭിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) ബാധകമല്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച പരാതി

54 [3105] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സാധനങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച് വിജിലൻസ് ഡയറക്ടർക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നല്ലയിനം 4 എം.എം. ചെറുപയറിന് പകരമായി ഗുണനിലവാരം കുറഞ്ഞ 2 എം.എം., 3 എം.എം. സൈസിലുള്ള ചെറുപയറാണ് എന്ന പരാതിയെ തുടർന്ന് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മുളക് വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ടും, കടലയും ചെറുപയറും വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ടും, മുളകും മറ്റ് സാധനങ്ങളും വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ടും പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൻമേൽ വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരുന്നു. കൂടാതെ 2004 ഡിസംബറിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുളക് വാങ്ങുന്നതിനു വേണ്ടി വിളിച്ച ടെണ്ടറിൽ അഴിമതി നടന്നുവെന്ന് ആരോപിച്ചുകൊണ്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 16-12-2004-ാം തീയതി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കോട്ടയം ഡിപ്പോയിലും, 1-2-2005-ാം തീയതി വലിയതുറയിലുള്ള കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോയിലും, കൊല്ലം ഡിപ്പോയിലും മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. മിന്നൽ പരിശോധനകളുടെ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡയറക്ടറേറ്റിൽ സൂക്ഷ്മപരിശോധനയിലാണ്.

(സി) നല്ലയിനം 4 എം.എം. ചെറുപയറിന് പകരമായി ഗുണനിലവാരം കുറഞ്ഞ 2 എം.എം. വലിപ്പത്തിലുള്ള ചെറുപയർ വിതരണം ചെയ്തു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 1-2-2005-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കോട്ടയത്തുള്ള സംഭരണ കേന്ദ്രത്തിലും രണ്ടു കടകളിലും മിന്നൽ പരിശോധനകൾ നടത്തുകയുണ്ടായി. മിന്നൽ പരിശോധനയുടെ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ചിട്ടില്ല.

മേൽപറഞ്ഞ ആരോപണവുമായി ബന്ധപ്പെട്ട് മറ്റൊരു പരാതിയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ഓഫീസ് വഴി ലഭിച്ച സുനാമി ഫണ്ട്

55 [3106] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസ് വഴി സുനാമി ഫണ്ട് ഇനത്തിൽ 31-1-2005 വരെ ചെക്ക്, ഡി.ഡി., പണം എന്നീ ഇനത്തിൽ എത്ര തുകയാണ് ലഭിച്ചത്;

(ബി) ട്രഷറി അക്കൗണ്ടിൽ ഈയിനത്തിൽ കേന്ദ്ര വിഹിതം ലഭിച്ച തുൾപ്പെടെ ആകെ എത്ര തുക നാളിതുവരെ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?